
 ✎ എ.വൈ.ആര്‍

# സൂറ – 30 / അര്‍റൂം

## സൂക്തം: 22 – 26

ഭാഷാ വൈവിധ്യം പോലെ വര്‍ണ വൈവിധ്യത്തിന്റെയും മുഖ്യ കാരണം മനുഷ്യര്‍ വ്യത്യസ്ത ദിക്കുകളില്‍ ചിതറിയതാണ്. ഓരോ വിഭാഗവും എത്തിപ്പെട്ട ദിക്കുകളിലെ പരിസ്ഥിതിയും ലഭ്യമായ ആഹാര വിഭവങ്ങളും അവരുടെ ചര്‍മത്തെ സ്വാധീനിച്ചു. യൂറോപ്യന്‍ ഭൂഖണ്ഡത്തിലെ പരിസ്ഥിതി അവിടെ വസിച്ചവരെ വെളുത്തവരാക്കി. ഉഷ്ണമേഖലയായ ആഫ്രിക്കന്‍ രാജ്യങ്ങളില്‍ വസിച്ചവരുടെ തൊലി കറുത്തുപോയി. രണ്ടിനുമിടയിലുള്ള പരിസ്ഥിതി വ്യത്യാസങ്ങളില്‍ അവിടങ്ങളില്‍ വസിച്ചവരെ തവിട്ടു നിറക്കാരും ഗോതമ്പു നിറക്കാരും ഒക്കെയാക്കി. പാരമ്പര്യം, രോഗം തുടങ്ങിയവയും വ്യക്തികളുടെ വര്‍ണ വൈവിധ്യത്തിനു കാരണമാകുന്നുണ്ട്.



وَمِنْ آيَاتِهِ خَلْقُ السَّمَاوَاتِ وَالْأَرْضِ وَاخْتِلَافُ أَلْسِنَتِكُمْ
وَأَلْوَانِكُمْ إِنَّ فِي ذَٰلِكَ لَآيَاتٍ لِّلْعَالِمِينَ ﴿٢٢﴾

22. ആകാശഭൂമികളുടെ ഘടനയും നിങ്ങളുടെ ഭാഷകളിലും വര്‍ണങ്ങളിലുമുള്ള വൈവിധ്യവും അവന്റെ ദൃഷ്ടാന്തങ്ങളില്‍ പെട്ടതാകുന്നു. ജ്ഞാനികള്‍ക്ക് തീര്‍ച്ചയായും ഇതില്‍ പല ദൃഷ്ടാന്തങ്ങളുണ്ട്.

**22**

وَمِنْ آيَاتِهِ = അവന്റെ ദൃഷ്ടാന്തങ്ങളില്‍ പെട്ടതാകുന്നു
خَلْقُ السَّمَاوَاتِ وَالْأَرْضِ = ആകാശഭൂമികളുടെ സൃഷ്ടി (ഘടനയും) وَاخْتِلَافُ = വൈവിധ്യവും
أَلْسِنَتِكُمْ = നിങ്ങളുടെ ഭാഷയുടെ(ഷയിലും) وَأَلْوَانِكُمْ = നിങ്ങളുടെ വര്‍ണങ്ങളുടെയും(ളിലും ഉള്ള)
إِنَّ فِي ذَٰلِكَ = തീര്‍ച്ചയായും ഇതില്‍ ഉണ്ട് لَآيَاتٍ = പല ദൃഷ്ടാന്തങ്ങള്‍ തന്നെ لِّلْعَالِمِينَ = ജ്ഞാനികള്‍ക്ക്

ഇനി, വാനലോകത്തിന്റെയും ഭൂലോകത്തിന്റെയും ഘടനയെ കുറിച്ചാലോചിച്ചു നോക്കുക. വാനലോകത്ത് എണ്ണമറ്റ ഗ്രഹങ്ങള്‍, സൗരയൂഥങ്ങള്‍, ക്ഷീരപഥങ്ങള്‍. എല്ലാം ആകൃതിയിലും വലിപ്പത്തിലും വ്യത്യസ്തങ്ങള്‍. ഓരോന്നിന്റെയും ഭ്രമണപഥവും ഭ്രമണവേഗവും ആകര്‍ഷണശക്തിയും വ്യത്യസ്തം. അതോടൊപ്പം എല്ലാം പരസ്പരബന്ധിതവും പരസ്പരാശ്രിതവുമാണ്. സൂര്യനാണ് ചൂടും വെളിച്ചവും നല്‍കി അതിന്റെ ഉപഗ്രഹമായ ഭൂമിയെ ജീവിതക്ഷമമാക്കുന്നതെന്ന് നമുക്കറിയാം. കോടാനുകോടി വര്‍ഷങ്ങളായി പ്രപഞ്ചം ഇങ്ങനെ പ്രവര്‍ത്തിച്ചുകൊണ്ടിരിക്കുന്നു. ഖഗോളങ്ങള്‍ മുതല്‍ പരമാണുവരെയുള്ള പദാര്‍ഥങ്ങളുടെ പ്രവര്‍ത്തനം ഈവിധം കൃത്യവും വ്യവസ്ഥാപിതവുമായിരുന്നില്ലെങ്കില്‍ പ്രപഞ്ചം നിലനില്‍ക്കുമായിരുന്നില്ല. ഇനി ഭൂമിയെ മാത്രം നിരീക്ഷിക്കുക. ഇവിടെ പല രൂപത്തിലും വലിപ്പത്തിലുമുള്ള മലകള്‍, മരങ്ങള്‍, സമതലങ്ങള്‍, സമുദ്രങ്ങള്‍, എണ്ണിത്തീരാത്ത ജീവജാലങ്ങള്‍, ഖനിജങ്ങള്‍. എല്ലാറ്റിന്റെയും വലിപ്പവും ആകൃതിയും പ്രവര്‍ത്തനരീതിയും വ്യത്യസ്തം. എന്നാല്‍ എല്ലാം പരസ്പരാശ്രിതവുമാണ്. മണ്ണില്ലെങ്കില്‍ മരങ്ങളില്ല. ജലമില്ലെങ്കില്‍ ജീവജാലങ്ങളില്ല. എല്ലാറ്റിന്റെയും മൂലകങ്ങള്‍ ഒന്നാണ്. ആലോചിക്കുന്നവരെ അമ്പരപ്പിക്കുന്ന വൈവിധ്യങ്ങള്‍, വൈരുധ്യങ്ങള്‍. അതിലേറെ അമ്പരപ്പിക്കുന്ന സാജാത്യവും ഏകതാനതയും. വൈവിധ്യങ്ങളുടെയും വൈരുധ്യങ്ങളുടെയും ഈ ഒത്തിണക്കവും ഏകതാനതയും അണ്ഡകടാഹത്തിനു പിന്നില്‍ സര്‍വവ്യാപിയായ ഒരു ഇഛയും ആസൂത്രണവുമുണ്ടെന്നും ആ ഇഛയുടെയും ആസൂത്രണത്തിന്റെയും കേന്ദ്രം ഒരൊറ്റ ശക്തിയാണെന്നും വിളിച്ചോതുന്നില്ലേ?

ഇനി നിങ്ങള്‍ മനുഷ്യരെത്തന്നെ നോക്കുക. എല്ലാ മനുഷ്യരുടെയും ശരീരഘടന ഒന്ന്, അവയവങ്ങള്‍ ഒന്ന്, രൂപമൊന്ന്, അടിസ്ഥാനാവശ്യങ്ങളൊന്ന്. അതേസമയം തന്നെ ഓരോ മനുഷ്യനും മറ്റുള്ളവരില്‍നിന്ന് രൂപം കൊണ്ട് വ്യത്യസ്തന്‍, നിറം കൊണ്ട് വ്യത്യസ്തന്‍, ഭാഷ കൊണ്ട് വ്യത്യസ്തന്‍, അഭിരുചികള്‍ കൊണ്ട് വ്യത്യസ്തന്‍. اخْتِلَافُ أَلْسِنَتِكُمْ എന്ന വാക്കിന് വിശാലമായ അര്‍ഥങ്ങളുണ്ട്. നാവ്, ജിഹ്വ, ഭാഷ, ഭാഷണം, വക്താവ് എന്നിവയെ കുറിക്കുന്ന لسان -ന്റെ ബഹുവചനമാണ്

أَلْسِنَة. അറബിഭാഷക്ക് لسان العرب എന്നു പറയും. ശരീരഭാഷയും സാഹചര്യം നൽകുന്ന സൂചനയും لسان الحال ആണ്. طلق اللسان -വാചാലൻ. لسان الحكومة ഗവൺമെന്റ് വക്താവാണ്. ഒരു ഭാഷയിലെ തന്നെ സ്വരഭേദങ്ങൾക്കും لسان എന്നു പറയും. ഖുറൈശികളും ഹിംയറികളും അറബികളാണെങ്കിലും, لسان القريشي ഖുറൈശികളുടെ സംസാരരീതിയും لسان الحميرى ഹിംയരികളുടെ സംസാരരീതിയുമാകുന്നു. നമ്മുടെ തിരുവിതാംകൂർ ഭാഷയും മലബാർ ഭാഷയും പോലെ. ആശയവിനിമയത്തിന്റെ എല്ലാ വ്യത്യസ്തതകളെയും ഉൾക്കൊള്ളുന്നതാണ് ഇവിടെ പരാമർശിക്കുന്ന اخْتِلَافُ أَلْسِنَتِكُمْ. ഇതുകൂടാതെ വ്യക്തികളുടെ സ്വരവ്യത്യാസവും ഈ വാക്ക് ഉൾക്കൊള്ളുന്നതായി ചില വ്യാഖ്യാതാക്കൾ പറയുന്നു. അതായത്, ഓരോ വ്യക്തിക്കും അല്ലാഹു മറ്റുള്ളവരിൽനിന്ന് വേറിട്ട സ്വരം നൽകിയിരിക്കുന്നു. ഒരാളുടെ ശബ്ദം കേട്ടാൽ കാണാതെ തന്നെ ആളെ തിരിച്ചറിയാം.

ആദിമനുഷ്യർ ഒറ്റ സമൂഹമായി ഒരിടത്ത് ജീവിച്ച കാലത്ത് അവരുടെ ഭാഷ ഒന്നായിരുന്നുവെന്നതിൽ തർക്കമില്ല. വസ്തുക്കളെയും ആശയങ്ങളെയും നാമങ്ങളിലൂടെ -ഭാഷയിലൂടെ- അറിയിക്കാനുള്ള കഴിവ് ആദ(അ)മിന് ആദ്യമേ അല്ലാഹു നൽകിയിരുന്നു. അതായിരുന്നു മൂലഭാഷ. പിന്നീട് മനുഷ്യവർഗം വിദൂര ദിക്കുകളിലേക്ക് ചിന്നിച്ചിതറി. ഓരോ വിഭാഗവും ചെന്നെത്തിയ ദേശത്തിന്റെ കാലാവസ്ഥ, വിഭവ ലഭ്യത, ഭൂപ്രകൃതി എന്നിവയുടെ വ്യത്യാസം അവരുടെ ജീവിതരീതിയിൽ പരിവർത്തനങ്ങളുണ്ടാക്കി. ഈ പരിവർത്തനം ഭാഷയെയും ഗ്രസിച്ചു. ഓരോ ഗോത്രവും പൂർവദേശത്ത് കണ്ടിട്ടില്ലാത്ത പലതും പുതിയ ദേശത്ത് കണ്ടു, അനുഭവിച്ചു. പുതിയ വസ്തുക്കൾക്കും അനുഭവങ്ങൾക്കും പുതിയ പുതിയ പേരുകൾ വേണ്ടിവന്നു. അങ്ങനെ ഭാഷകൾ വികസിച്ചു. അടിസ്ഥാനപരമായി ഏകമായിരിക്കുമ്പോൾ ആ ഏകത്വം വിസ്മൃതമാകുംവണ്ണം വ്യത്യസ്തമാവുകയായിരുന്നു. ദ്രാവിഡ ഭാഷയിൽനിന്നുണ്ടായതാണ് തെലുങ്കും തമിഴും കന്നടയും മലയാളവും. ഒറിജിനൽ ദ്രാവിഡ ഭാഷ ആരും സംസാരിക്കുന്നില്ല. ഓരോ ദേശത്ത് വാസമുറപ്പിച്ചവർ അവരവരുടെ ജീവിത സാഹചര്യം ആവശ്യപ്പെടുന്ന ഭാഷയുണ്ടാക്കുകയായിരുന്നു. ഉത്തരേന്ത്യൻ ഭാഷകളുടെ മാതൃത്വം സംസ്കൃതത്തിനാണ്. അതിന്റെ ഒറിജിനൽ രൂപം നിലനിൽക്കുന്നുണ്ടെങ്കിലും ആരും സംസാരിക്കുന്നില്ല. കുറേകൂടി പുറകോട്ടു പോയാൽ ദ്രാവിഡത്തിന്റെയും സംസ്കൃതത്തിന്റെയും പാഴ്സിയുടെയും അറബിയുടെയും ലാറ്റിനിന്റെയും എല്ലാം മൂലം ഒന്നാണെന്നു കാണാം. മനുഷ്യരെ ഭൂമിയിൽ ചിതറിയതും ഭാഷകൾ ഭിന്നമാക്കിയതും അല്ലാഹുവാണ്. അക്കാര്യം ബൈബിളും (ഉൽപത്തി 11:7,8) പറയുന്നുണ്ട്. പക്ഷേ ബൈബിൾ അതിനു പറയുന്ന കാരണം അല്ലാഹുവിന്റെ വിശുദ്ധിക്ക് ഇണങ്ങാത്തതാണ്. മാത്രമല്ല കർത്താവ് ഭാഷ കുഴപ്പിച്ചുകളഞ്ഞ ശേഷമാണ് മനുഷ്യരെ ഭൂതലത്തിലാകെ ചിതറിച്ചതെന്നാണ് ബൈബിൾ സൂചിപ്പിക്കുന്നത്. ഇത് വിവരണത്തിൽ സംഭവക്രമം തലതിരിഞ്ഞുപോയതാണ്. ഭൂമിയിൽ ചിതറിയ ശേഷം വ്യത്യസ്ത സമൂഹങ്ങളിൽ വ്യത്യസ്ത ഭാഷകൾ രൂപം കൊണ്ടു എന്നതാണ് വസ്തുത.

ഭാഷാ വൈവിധ്യം പോലെ വർണ വൈവിധ്യത്തിന്റെയും മുഖ്യ കാരണം മനുഷ്യർ വ്യത്യസ്ത ദിക്കുകളിൽ ചിതറിയതാണ്. ഓരോ വിഭാഗവും എത്തിപ്പെട്ട ദിക്കുകളിലെ പരിസ്ഥിതിയും ലഭ്യമായ ആഹാര വിഭവങ്ങളും അവരുടെ ചർമത്തെ സ്വാധീനിച്ചു. യൂറോപ്യൻ ഭൂഖണ്ഡത്തിലെ പരിസ്ഥിതി അവിടെ വസിച്ചവരെ വെളുത്തവരാക്കി. ഉഷ്ണമേഖലയായ ആഫ്രിക്കൻ രാജ്യങ്ങളിൽ വസിച്ചവരുടെ തൊലി കറുത്തുപോയി. രണ്ടിനുമിടയിലുള്ള പരിസ്ഥിതി വ്യത്യാസങ്ങളിൽ അവിടങ്ങളിൽ വസിച്ചവരെ തവിട്ടു നിറക്കാരും ഗോതമ്പു നിറക്കാരും ഒക്കെയാക്കി. പാരമ്പര്യം, രോഗം തുടങ്ങിയവയും വ്യക്തികളുടെ വർണ വൈവിധ്യത്തിനു കാരണമാകുന്നുണ്ട്. ഒരേ മാതാപിതാക്കൾക്ക് പല നിറമുള്ള മക്കൾ ജനിക്കുന്നു. എന്നാൽ എല്ലാവരുടെയും മൗലികമായ ജീനും നിറവും ഒന്നു തന്നെയാണ്. എല്ലാ മനുഷ്യരുടെയും തൊലിക്കു താഴെയുള്ള മാംസത്തിന്റെ നിറം ഒന്ന്, രക്തത്തിന്റെയും നിറം ഒന്ന്. അസ്ഥിയുടെ നിറം ഒന്ന്. ഒരേ മാതാപിതാക്കളിൽനിന്നുത്ഭവിച്ച മനുഷ്യ വർഗത്തെ പല ദേശക്കാരും ഭാഷക്കാരുമാക്കിയതുപോലെ അല്ലാഹു പല നിറക്കാരുമാക്കിയിരിക്കുന്നു. ഗവേഷകർ മനുഷ്യന്റെ അസൽ നിറങ്ങളെ മൂന്നായി തിരിച്ചിരിക്കുന്നു. കൊക്കേഷ്യൻ വെളുപ്പ്, മംഗോളിയൻ മഞ്ഞ, ആഫ്രിക്കൻ കറുപ്പ്. ഈ മൂന്നിനുമായി എട്ടു ശാഖകൾ. വെളുപ്പ്, കറുപ്പ്, അബ്സീനിയൻ, ചുവപ്പ്, മഞ്ഞ, സെമിറ്റിക്, ഇന്ത്യൻ, മലായൻ. ഭാഷാ വൈവിധ്യം പോലെ വർണ വൈവിധ്യവും ഉച്ചനീചത്വത്തിന്റെയോ പരസ്പര വിഛേദനത്തിന്റെയോ ചിഹ്നമല്ല. മറിച്ച് ഭാഷയും ഗോത്രവുമെന്ന പോലെ തിരിച്ചറിയപ്പെടുന്നതിനുള്ള ചിഹ്നങ്ങളാണ്. മനുഷ്യരിലെ വ്യത്യസ്തതകൾ പ്രകൃതിയിലെ വൈരുധ്യവും വൈവിധ്യവുമാർന്ന മറ്റെല്ലാ സൃഷ്ടികളെയും പോലെ പരസ്പരം ചേർന്നും സഹകരിച്ചും ചരിക്കുന്നതിനുള്ള ഉപാധിയാണ്. വ്യഷ്ടിഗതവും സമഷ്ടിഗതവുമായ വ്യതിരിക്ത ഗുണങ്ങളിലൂടെ പരസ്പരം തിരിച്ചറിഞ്ഞുകൊണ്ടും കൊടുത്തും സഹകരിച്ചും വാഴുന്നതിലാണ് അവരുടെ വളർച്ചയും വികാസവും. ഈ യാഥാർഥ്യം അവഗണിച്ചുകൊണ്ട് ആളുകൾ ഭാഷാപരവും ദേശീയവും വർണപരവുമായ വൈവിധ്യങ്ങളെ ഉച്ചനീചത്വ ചിഹ്നങ്ങളായി കാണുന്നു. ചില ഗുണങ്ങളുള്ളവർ ഉത്കൃഷ്ടരും മേധാവികളുമായും മറ്റു ചില ഗുണങ്ങളുള്ളവർ അധമരും കീഴാളരുമായും ഗണിക്കപ്പെടുമ്പോൾ മനുഷ്യവർഗത്തിന്റെ സമഗ്രമായ വികാസം തടയപ്പെടുകയും ചിലർ മർദിതരും ചിലർ മർദകരുമായി മാറുകയും ചെയ്യുന്നു.

ജ്ഞാനികൾക്ക് ഇതിൽ പല ദൃഷ്ടാന്തങ്ങളുണ്ട്- إِنَّ فِي ذَٰلِكَ لَآيَاتٍ لِّلْعَالِمِينَ -എന്നാണ് ഈ സൂക്തം സമാപിക്കുന്നത്. إِنَّ فِي ذَٰلِكَ لَآيَاتٍ لِقَوْمٍ يَتَفَكَّرُون ചിന്തിക്കുന്ന ജനത്തിന് ഇതിൽ പല ദൃഷ്ടാന്തങ്ങളുണ്ട് എന്നാണ് തൊട്ടു മുമ്പത്തെ സൂക്തം സമാപിച്ചത്. ഇതിൽ പ്രകാശിതമാകുന്ന ആശയമിതാണ്: പ്രാപഞ്ചിക പ്രതിഭാസങ്ങളുടെ ബഹിർമുഖത്തിനപ്പുറത്തേക്ക് കടന്നു ചിന്തിക്കുന്നതിലൂടെ അവയുടെ വൈവിധ്യത്തിൽ അന്തർഭവിച്ചിരിക്കുന്ന ഏകാത്മകതയും രഞ്ജിപ്പും സഹകരണവും കണ്ടെത്തുന്നവനാണ് യഥാർഥ ജ്ഞാനി. തുടർന്ന് സർവജ്ഞനും സർവശക്തനുമായ സ്രഷ്ടാവ് ഈ മഹാപ്രപഞ്ചത്തെ അലക്ഷ്യമായും ഉദ്ദേശ്യശൂന്യമായും സൃഷ്ടിച്ചുവിടുക സാധ്യമല്ലെന്നും എല്ലാം സോദ്ദേശ്യമായി കാണപ്പെടുന്നതിനാൽ തന്നെ പ്രപഞ്ചവും അതിലെ സൃഷ്ടികളും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിച്ചുവോ എന്ന് പരിശോധിക്കുന്ന ഒരു സന്ദർഭമുണ്ടാവുക അനിവാര്യമാണെന്നും മനസ്സിലാക്കുന്നു. ●

وَمِنْ آيَاتِهِ مَنَامُكُم بِاللَّيْلِ وَالنَّهَارِ وَابْتِغَاؤُكُم مِّن فَضْلِهِ ۚ إِنَّ فِي ذَٰلِكَ لَآيَاتٍ لِّقَوْمٍ يَسْمَعُونَ ﴿٢٣﴾

23. രാപ്പകലുകളിൽ നിങ്ങളുടെ നിദ്രയും നിങ്ങൾ അവന്റെ അനുഗ്രഹങ്ങൾ തേടുന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. വചനങ്ങൾ ശ്രദ്ധിച്ചു കേൾക്കുന്നവർക്ക് ഇതിലുമുണ്ട് ധാരാളം ദൃഷ്ടാന്തങ്ങൾ.

**23**

وَمِنْ آيَاتِهِ= അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാകുന്നു مَنَامُكُم = നിങ്ങളുടെ നിദ്ര

بِاللَّيْلِ وَالنَّهَارِ= രാപ്പകലുകളിൽ وَابْتِغَاؤُكُم = നിങ്ങ(ൾ)ളുടെ തേടലും

مِّن فَضْلِهِ= അവന്റെ അനുഗ്രഹ(ം)ത്തിൽനിന്ന് إِنَّ فِي ذَٰلِكَ = അ(ഇ)തിലുമുണ്ട്

لَآيَاتٍ= (ധാരാളം) ദൃഷ്ടാന്തങ്ങൾ തന്നെ لِّقَوْمٍ يَسْمَعُونَ= (വചനങ്ങൾ ശ്രദ്ധിച്ച്) കേൾക്കുന്ന ജനത്തിന്

نوم (നിദ്ര)യിൽനിന്നുള്ളതാണ് منام. ഇതിന് നിദ്ര എന്നും നിദ്രയിൽ കാണുന്ന സ്വപ്നം എന്നും അർഥമുണ്ട്. കിടക്കക്കും കിടപ്പറക്കും منامة എന്നു പറയും. ഇവിടെ ابْتِغَاؤُكُم എന്ന വാക്കിനെ ബന്ധിപ്പിച്ചിരിക്കുന്നത് منامكم എന്ന വാക്കിനോടാണ്. ഇതുപ്രകാരം വചന താൽപര്യം ഇതാണ്: നിങ്ങൾക്ക് നിദ്ര കൊള്ളാൻ രാവുണ്ടാക്കിത്തന്നതും ദൈവാനുഗ്രഹം തേടി പരിശ്രമിക്കാൻ പകലുണ്ടാക്കിത്തന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാകുന്നു. രാവിലും പകലിലും ആളുകൾ ഉറങ്ങുകയും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ഇക്കാലത്ത് നൈറ്റ് ഡ്യൂട്ടി ചെയ്യുന്ന ഫാക്ടറി തൊഴിലാളികളും സുരക്ഷാ ഉദ്യോഗസ്ഥരും ധാരാളമാണല്ലോ. അവരൊക്കെ ഉറങ്ങുന്നത് പകൽസമയത്താണ്. ഇതാണ് പ്രകൃത വചനം ഉദ്ദേശിക്കുന്നതെന്നും ചില പണ്ഡിതന്മാർ വ്യാഖ്യാനിച്ചിരിക്കുന്നു. രണ്ടു വ്യാഖ്യാനവും സാധുവാകുന്നു. രാപ്പകൽ വ്യത്യാസം നേരത്തേ പല സൂറകളിലും പരാമർശിച്ചിട്ടുള്ളതാണ്. ഉദാ: *അൽഫുർഖാൻ* 62, *അന്നംല്* 86, *അൽഖസ്വസ്* 71-73 സൂക്തങ്ങൾ.

ശ്രദ്ധിച്ചു കേൾക്കുന്നവർക്ക് ഇതിലും ഏറെ ദൃഷ്ടാന്തങ്ങളുണ്ട് - إِنَّ فِي ذَٰلِكَ لَآيَاتٍ لِّقَوْمٍ يَسْمَعُونَ എന്നാണ് സൂക്തം സമാപിക്കുന്നത്. താൽപര്യമിതാണ്: ദിനരാത്രങ്ങളുടെ യോജിപ്പിലും പാരസ്പര്യത്തിലുമുള്ള തൗഹീദിന്റെ അടയാളങ്ങളും രാപ്പകലുകളിലെ ഉറക്കത്തിലും ഉണർവിലും ഉയിർത്തെഴുന്നേൽപിന്റെ സൂചനയും ഖുർആൻ പലവട്ടം ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ്. പക്ഷേ ഖുർആനിക വചനങ്ങൾ ശ്രദ്ധിച്ചു കേൾക്കാനോ അതേക്കുറിച്ച് ആലോചിച്ചു നോക്കാനോ തയാറാവാതെ എതിർക്കാൻ ചാടിപ്പുറപ്പെടുകയാണ് അവിശ്വാസികൾ. മനനത്തിനും പഠനത്തിനും ശേഷമുള്ള ജ്ഞാനോപാധിയാണ് കേൾവി. പഠിക്കാനും മനനം ചെയ്യാനും കഴിവില്ലെങ്കിൽ ബുദ്ധിമാന്മാരുടെ വചനങ്ങൾ ശ്രദ്ധിച്ചു കേൾക്കാനുള്ള സദ്ബുദ്ധിയുണ്ടെങ്കിൽ അതു മുഖേനയും സന്മാർഗം പ്രാപിക്കാവുന്നതാണ്. ●

---

وَمِنْ آيَاتِهِ يُرِيكُمُ الْبَرْقَ خَوْفًا وَطَمَعًا وَيُنَزِّلُ مِنَ السَّمَاءِ مَاءً فَيُحْيِي بِهِ الْأَرْضَ بَعْدَ مَوْتِهَا ۚ إِنَّ فِي ذَٰلِكَ لَآيَاتٍ لِّقَوْمٍ يَعْقِلُونَ ﴿٢٤﴾

24. ആശങ്കാജനകമായും ആശാവഹമായും നിങ്ങൾക്ക് മിന്നൽപിണർ കാണിച്ചുതരുന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതുതന്നെ. മാനത്തുനിന്ന് ജലം പെയ്തിറക്കുന്നതും മരിച്ചുകിടന്ന മണ്ണിനെ അതുവഴി സജീവമാക്കുന്നതും അവൻ തന്നെ. ബുദ്ധിപൂർവം ഗ്രഹിക്കുന്ന ജനങ്ങൾക്ക് ഈ പ്രതിഭാസങ്ങളിലും ഏറെ ദൃഷ്ടാന്തങ്ങളുണ്ട്.

**24**

وَمِنْ آيَاتِهِ= അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടത്(തന്നെ) يُرِيكُمُ = അവൻ നിങ്ങൾക്ക് കാണിച്ചുതരുന്നതും
الْبَرْقَ= മിന്നൽപിണർ خَوْفًا= ഭയാനകമായി, ആശങ്കാജനകമായി
وَطَمَعًا = ആശാവഹമായും, പ്രതീക്ഷാവഹമായും وَيُنَزِّلُ= അവൻ പെയ്തിറക്കുന്നതും
مِنَ السَّمَاءِ= മാനത്തുനിന്ന് مَاءً= ജലത്തെ فَيُحْيِي بِهِ= എന്നിട്ടതുവഴി സജീവമാക്കുന്നു(ന്നതും അവൻ തന്നെ)
الْأَرْضَ= ഭൂമിയെ (മണ്ണിനെ) بَعْدَ مَوْتِهَا= അതിന്റെ മരണശേഷം (മരിച്ചു കിടന്ന)
إِنَّ فِي ذَٰلِكَ = ഇതിലും (ഈ പ്രതിഭാസങ്ങളിലും) ഉണ്ട്
لَآيَاتٍ= (ഏറെ) ദൃഷ്ടാന്തങ്ങൾ لِّقَوْمٍ يَعْقِلُونَ = ബുദ്ധിപൂർവം ഗ്രഹിക്കുന്ന ജനത്തിന്

മിന്നൽപിണർ മനുഷ്യർക്ക് ആശങ്കാജനകവും ആശാവഹവുമാകുന്നു. ഒരേസമയം ഇടിത്തീയുടെ ഭീഷണിയും അനുഗ്രഹ വർഷത്തിന്റെ സുവിശേഷവും. ചിലപ്പോൾ ചിലർക്ക് ഇടിത്തീ മാരകമായി ഭവിക്കുന്നു, ചിലർക്ക് കുളിരാർന്ന ജലവർഷമാകുന്നു. ചിലപ്പോഴത് ഏതോ സമുദായത്തിനുള്ള ദൈവശിക്ഷയുടെ ഭീകരാഘാതമായിരിക്കും. ആദ്യം പറഞ്ഞ തരത്തിലുള്ള മിന്നൽപിണറുകൾ നാം സാധാരണ കാണാറുള്ളതാണ്. ഒടുവിൽ പറഞ്ഞതരം ഇടിമിന്നൽ അത്ര സാധാരണമല്ലെങ്കിലും ചരിത്രത്തിൽ അതിന് ഉദാഹരണങ്ങളുണ്ട്. ആദ്-സമൂദ് വർഗങ്ങളുടെ വിനാശം വിവരിക്കുന്നിടത്ത് ഖുർആൻ صاعقة (ഇടിവെട്ട്) പരാമർശിച്ചതായി കാണാം. ബുദ്ധിപൂർവം മനസ്സിലാക്കുന്നവർക്ക് ഈ പ്രതിഭാസത്തിലും ധാരാളം ദൃഷ്ടാന്തങ്ങൾ കാണാമെന്നാണിവിടെ പറയുന്നത്. അനുഗ്രഹവും നിഗ്രഹവും അല്ലാഹുവിന്റെ ഹസ്തത്തിലാകുന്നു എന്നതിന്റെ ദൃഷ്ടാന്തമാണ് ആദ്യം പറഞ്ഞത്. അതുകൊണ്ട് ഭയപ്പെടുന്നവരും ആഗ്രഹിക്കുന്നവരും അവലംബിക്കേണ്ടത് അല്ലാഹുവിനെയാണ്.ബഹുദൈവവിശ്വാസികളുടെ രീതി ഭിന്നമാണ്. അവർക്ക് അനുഗ്രഹം തേടാൻ പ്രത്യേക ദൈവങ്ങളുണ്ട്. ആപത്തകറ്റാൻ വേറെ ദൈവങ്ങൾ. ആരെയെങ്കിലും ശിക്ഷിക്കണമെങ്കിൽ അതാവശ്യപ്പെടേണ്ടത് വേറൊരു കൂട്ടം ദൈവങ്ങളോടാണ്. ഇടിമിന്നൽ, മഴ, ഭൂമിയുടെ സജീവമാകൽ തുടങ്ങിയ പ്രതിഭാസങ്ങൾ പ്രപഞ്ചത്തിന്റെ പ്രവർത്തനം അല്ലാഹു സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ടും നിയന്ത്രിച്ചുകൊണ്ടുമിരിക്കുന്നു എന്നതിന്റെയും ദൃഷ്ടാന്തമാകുന്നു. ശുദ്ധസത്യത്തിന്റെയും നീതിയുടെയും നിയമമനുസരിച്ചാണ് ജനസമൂഹങ്ങൾക്ക് രക്ഷാശിക്ഷകളരുളുന്നത്. ഈ സൂക്തം ദൃഷ്ടാന്തീകരിക്കുന്ന മറ്റൊരു കാര്യമിതാണ്: അല്ലാഹു ഒരു ജനതയെ ശിക്ഷിക്കാൻ തീരുമാനിച്ചാൽ അതിനു വേണ്ടി ആറ്റംബോംബുകളും പാറ്റൻ ടാങ്കുകളുമൊന്നും ഒരുക്കേണ്ട കാര്യമില്ല. അവന്റെ അമൂല്യമായ അനുഗ്രഹോപാധികൾ തന്നെ അവനുദ്ദേശിക്കുമ്പോൾ നിഗ്രഹായുധങ്ങളായി മാറിക്കൊള്ളും. وَيُنَزِّلُ..... مَوْتِهَا എന്ന സൂക്തഭാഗം മുമ്പ് പലപ്പോഴും വന്നിട്ടുള്ളതാണ്. ഉദാ: *അൽഫുർഖാൻ* 48, *അന്നംല്* 60, *അൽ അൻകബൂത്ത്* 63 സൂക്തങ്ങളും. ഈ സൂറയിലെ 19-ാം സൂക്തവും ഈ വിഷയം പറയുന്നുണ്ട്. വിശദീകരണം പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക. ●

وَمِنْ آيَاتِهِ أَن تَقُومَ السَّمَاءُ وَالْأَرْضُ بِأَمْرِهِ ۚ ثُمَّ إِذَا دَعَاكُمْ دَعْوَةً مِّنَ الْأَرْضِ إِذَا أَنتُمْ تَخْرُجُونَ ﴿٢٥﴾

25. വാനലോകങ്ങളും ഭൂലോകവും അവന്റെ ആജ്ഞയാൽ നിലനിൽക്കുന്നുവെന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. പിന്നെ നിങ്ങളെ ഭൂമിയിൽനിന്ന് ഒരു വിളി വിളിച്ചാൽ ഉടനെ എല്ലാവരും പുറപ്പെട്ടുവരുന്നു.

وَلَهُ مَن فِي السَّمَاوَاتِ وَالْأَرْضِ ۖ كُلٌّ لَّهُ قَانِتُونَ ﴿٢٦﴾

26. വാനഭുവനങ്ങളിലുള്ളതൊക്കെയും അവന്റേതു മാത്രമാകുന്നു. എല്ലാവരും അവന്റെ തന്നെ വിനീതവിധേയരുമാകുന്നു.

**25,26**

وَمِنْ آيَاتِهِ= അവന്റെ ദൃഷ്ടാന്തങ്ങളില്‍ പെട്ടതത്രെ
أَن تَقُومَ السَّمَاءُ وَالْأَرْضُ= വാനലോകങ്ങളും ഭൂലോകവും നിലനില്‍ക്കുന്നു എന്നത്
بِأَمْرِهِ= അവന്റെ ആജ്ഞയാല്‍ ثُمَّ إِذَا دَعَاكُمْ= പിന്നെ അവന്‍ നിങ്ങളെ വിളിച്ചാല്‍ دَعْوَةً= ഒരു വിളി
مِّنَ الْأَرْضِ= ഭൂമിയില്‍നിന്ന് إِذَا أَنتُمْ= അപ്പോഴതാ (ഉടനെ) നിങ്ങള്‍ تَخْرُجُونَ = പുറപ്പെട്ടുവരുന്നു
وَلَهُ= അവന്റേതു മാത്രമാകുന്നു مَن فِي السَّمَاوَاتِ وَالْأَرْضِ= വാനഭുവനങ്ങളില്‍ ഉള്ളവര്‍(ത്) (ഒക്കെയും)
كُلٌّ= എല്ലാം, എല്ലാവരും لَّهُ = അവനെ(ന്റെ) തന്നെ(ത്)
قَانِتُونَ= താഴ്മയോടെ അനുസരിക്കുന്നവരാകുന്ന (വിനീതവിധേയരുമാകുന്ന)

പ്രപഞ്ചം ഇന്നീ കാണുംവിധം സുഭദ്രമായും സുസ്ഥിരമായും നിലനില്‍ക്കുന്നതിനു പിന്നില്‍ പ്രവര്‍ത്തിക്കുന്നത് ഏകനായ സ്രഷ്ടാവിന്റെ ഇഛയാണെന്ന് ആദികാലം മുതലേ മനുഷ്യര്‍ വിശ്വസിച്ചുവരുന്നുണ്ട്. ബഹുദൈവവിശ്വാസികള്‍ പോലും പ്രപഞ്ചത്തിന്റെ ആത്യന്തിക സ്രഷ്ടാവും പാലകനും ഒരേയൊരു പരമേശ്വരനാണെന്ന് സമ്മതിക്കുന്നു. ദൈവത്തെ പൂര്‍ണമായി നിഷേധിക്കുന്നവര്‍ ഇന്നത്തെപ്പോലെ പണ്ടും വളരെ വിരളമായിരുന്നു. അവരുടെ വാദത്തില്‍ കാര്യമായി കാമ്പുള്ളതായി ഖുര്‍ആന്‍ കണക്കാക്കുന്നില്ല. ദൈവം തങ്ങളുടെ ഇന്ദ്രിയങ്ങള്‍ക്ക് ഗോചരനാകുന്നില്ല എന്നതാണല്ലോ ദൈവനിഷേധത്തിന് അവരുന്നയിക്കുന്ന വാദം. പിന്നെ ഈ പ്രപഞ്ചം എങ്ങനെയുണ്ടായി? അത് സ്വയംഭൂവാണ്. പദാര്‍ഥങ്ങളുടെ അന്ധമായ ചലനത്തിനിടയില്‍ യാദൃഛികമായി സംഭവിച്ചതാണീ പ്രപഞ്ചം. പലവക മൗഢ്യങ്ങളില്‍നിന്ന് രൂപം കൊണ്ടതാണീ നിഗമനം. ഒന്നാമതായി, ദൈവം ഉണ്ടെങ്കില്‍ ഇന്ദ്രിയഗോചരനായിരിക്കണം എന്ന വിചാരം തന്നെ. ഇന്ദ്രിയാതീതവും പദാര്‍ഥാതീതവുമായ എല്ലാറ്റിനെയും അവര്‍ നിഷേധിക്കുന്നു. തനിക്ക് കാണാന്‍ കഴിയാത്തതെല്ലാം ഇല്ലാത്തതാണ് എന്ന മൂഢ തത്ത്വത്തില്‍നിന്നാണീ നിഷേധം ഉത്ഭവിക്കുന്നത്. ഉണ്മയുടെ ബഹിര്‍മുഖം മാത്രം ദര്‍ശിച്ച് വിധി കല്‍പിക്കുന്നതിന്റെ കുഴപ്പമാണിത്. പദാര്‍ഥത്തിനും ബഹിര്‍മുഖത്തിനും അപ്പുറം അന്വേഷിക്കുന്നവര്‍ക്കേ അഗോചര സത്യങ്ങളിലെത്താന്‍ കഴിയൂ. ഇനി പ്രപഞ്ചം സ്വയംഭൂവാണ്, അല്ലെങ്കില്‍ യാദൃഛികമായി സംഭവിച്ചതാണ് എന്നു വാദിക്കുന്നവര്‍ക്ക് ആ സംഭവം ഗോചരമായിട്ടുണ്ടോ? ഇവിടെ തങ്ങളുടെ തത്ത്വത്തെ അവര്‍ സ്വയം റദ്ദ് ചെയ്യുകയാണ്. സുഭദ്രവും സുസ്ഥിരവും, കൃത്യമായും വ്യവസ്ഥാപിതമായും പ്രവര്‍ത്തിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു വസ്തു. അത് സമര്‍ഥനായ ഒരു നിര്‍മാതാവിന്റെ നിര്‍മിതിയാണെന്നു കരുതുന്നതാണോ യുക്തിസഹം, അല്ല കുറേ പദാര്‍ഥങ്ങള്‍ കൂടിച്ചേര്‍ന്നപ്പോള്‍ യാദൃഛികമായി സ്വയം നിര്‍മിതമായതാണെന്നു കരുതുന്നതാണോ? ഇവിടെയും നാസ്തികത്വം യുക്തിവിരുദ്ധമാവുകയാണ്. മനുഷ്യന് ദൈവം നല്‍കിയ മഹത്തായ ഒരു യോഗ്യതയാണ് യുക്തിബോധം. നന്മക്കും തിന്മക്കും ഉപയോഗിക്കാവുന്ന ആയുധമാണത്. ജീവിത യാഥാര്‍ഥ്യങ്ങള്‍ കണ്ടെത്താനും സ്വാംശീകരിക്കാനും ഉപയോഗിക്കാവുന്നതുപോലെ ജഢികാസക്തികളുടെ പ്രേരണയാല്‍ പുണര്‍ന്ന മിഥ്യകളെ ന്യായീകരിക്കാനും ഉപയോഗിക്കാം.

ലോകാവസാനത്തെയും ഉയിര്‍ത്തെഴുന്നേല്‍പിനെയും കുറിച്ചു പറയുമ്പോള്‍ പ്രവാചകനോട് അവിശ്വാസികള്‍ ചോദിച്ചിരുന്നു: കോടാനുകോടി വര്‍ഷങ്ങളായി സുഭദ്രവും സുസ്ഥിരവുമായി നിലനില്‍ക്കുന്ന ഈ പ്രപഞ്ചത്തെ തകിടം മറിക്കാന്‍ ആര്‍ക്ക് കഴിയും? അഥവാ അങ്ങനെ സംഭവിക്കുന്നുവെങ്കില്‍ നിശ്ചലമായി നിലകൊള്ളുന്ന മഹാ മരുനിരകളുടെ അവസ്ഥയെന്താകും? 20:105-ല്‍ പറയുന്നു: وَيَسْأَلُونَكَ عَنِ الْجِبَالِ فَقُلْ يَنسِفُهَا رَبِّي نَسْفًا -'അവര്‍ ചോദിക്കുന്നുണ്ടല്ലോ, അന്നാളില്‍ ഈ പര്‍വതങ്ങള്‍ എന്താകും? നീ പറയുക: എന്റെ നാഥന്‍ അവയെ ധൂളീകരിച്ചു പറത്തിക്കളയും.' പ്രപഞ്ചം ഇന്നീകാണുംവണ്ണം നിലനില്‍ക്കുന്നത് അവന്റെ കല്‍പനയാലാകുന്നു എന്നതുതന്നെ അവനിഛിക്കുമ്പോള്‍ അതിനെ തകര്‍ത്തുകളയാനും അവന് നിഷ്പ്രയാസം കഴിയും എന്നതിനു മതിയായ തെളിവാകുന്നു എന്നാണിവിടെ സൂചിപ്പിക്കുന്നത്. പിന്നെ നിങ്ങളെ മണ്ണില്‍നിന്ന് പുറത്തുവരുത്താന്‍ അവന് ഒരൊറ്റ വിളി മതി. നിങ്ങളെല്ലാം ഒറ്റയടിക്ക് പുറപ്പെട്ടുവരികയായി; ആവര്‍ത്തിച്ചു വിളിച്ചുകൊണ്ടിരിക്കുകയോ സജ്ജീകരണങ്ങളൊരുക്കുകയോ ഒന്നും ചെയ്യേണ്ടതില്ല. 84:3-5-ല്‍ ഈ ആശയം അവതരിപ്പിക്കുന്നതിങ്ങനെയാണ്:

وَإِذَا الْأَرْضُ مُدَّتْ ﴿٣﴾ وَأَلْقَتْ مَا فِيهَا وَتَخَلَّتْ ﴿٤﴾ وَأَذِنَتْ لِرَبِّهَا وَحُقَّتْ ﴿٥﴾

(ഭൂമി നിരപ്പാവുകയും അതിനകത്തുള്ളതെല്ലാം പുറംതള്ളി ശൂന്യമാവുകയും അതിന്റെ വിധാതാവിന്റെ കല്‍പന പാലിക്കുകയും -പാലിക്കാന്‍ അത് ഉത്തരവാദപ്പെട്ടിരിക്കുന്നു- ചെയ്യുമ്പോള്‍).

കാരണം പ്രപഞ്ചത്തിലുള്ള സര്‍വതും അവന്റേതു തന്നെയാകുന്നു- وَلَهُ مَن فِي السَّمَاوَاتِ وَالْأَرْضِ. അവന്‍ സൃഷ്ടിച്ചതും അവന്റെ കല്‍പനപ്രകാരം മാത്രം ചരിക്കുന്ന വിനീതരും വിധേയരുമാകുന്നു. അവന്റെ കല്‍പന ലംഘിക്കാനും അവന്റെ വിളി കേള്‍ക്കാതിരിക്കാനും ആര്‍ക്കും കഴിയില്ല- كُلٌّ لَّهُ قَانِتُونَ.

●